# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 3527. 10..4..2013-ൽ മറുപടിക്ക്

## ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത

**ചോദ്യം**

ശ്രീ. വി. ശശി:

(എ) ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്ത് 35 കോടി രൂപ വിനിയോഗിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കായി ഈ വർഷത്തേക്ക് വകയിരുത്തിയ തുകയെത്രയെന്നും ഓരോ പദ്ധതിക്കും ചെലഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി)

(എ) & (ബി) 2012-13 ബഡ്ജറ്റിൽ ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 35 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും, ആകെ 39.50 കോടി രൂപ താഴെപറയുന്ന ഇനങ്ങൾക്കായി വകയിരുത്തിയിരുന്നു.

| | | | |
|---|---|---|---|
| 1. | ഗ്രാമീണവിജ്ഞാപന വ്യാപനം | - | 235 ലക്ഷം |
| 2. | തീറ്റപ്പുൽ വികസന പദ്ധതി | - | 500 ലക്ഷം |
| 3. | മിൽക്ക് ഷെഡ് വികസന പദ്ധതി | - | 1300 ലക്ഷം |
| 4. | കാലിത്തീറ്റ സബ്സിഡി | - | 600 ലക്ഷം |
| 5. | ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം | - | 15 ലക്ഷം |
| 6. | ക്ഷീരസംഘങ്ങളുടെ നവീകരണം | - | 1300 ലക്ഷം |
| | ആകെ | - | 3950 ലക്ഷം |

ടി പദ്ധതികളിൽ തീറ്റപ്പുൽകൃഷി വികസന പദ്ധതിക്കായി നീക്കിവച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെ വന്ന 30 ലക്ഷം രൂപയും ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം എന്ന പദ്ധതിയിൽ ചെലവഴിക്കാൻ കഴിയാതെ വന്ന 209.85 ലക്ഷം രൂപയും റീഅപ്രോപ്രിയേറ്റ് ചെയ്ത്

| | | | |
|---|---|---|---|
| | | | കാലിത്തീറ്റ വികസന പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. അപ്രകാരം 2012-13 സാമ്പത്തിക വർഷം കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതിക്കായി 839.85 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക പൂർണ്ണമായി ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളുടെ നടപ്പാക്കൽ വഴി പാലിന്റെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികളുടെ നടപ്പാക്കൽ വഴി പ്രതിദിനം 75,000 ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായതായി കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ.